## കേരള സർക്കാർ
## പൊതുവിദ്യാഭ്യാസ വകുപ്പ്

**പത്താംതരം തുല്യതാ (സേ) പരീക്ഷ**
**ഡിസംബർ - 2015**

# വിജ്ഞാപനം

**പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം -12**

നം.ഇ.എക്സ്/സി.ജനറൽ(4)/77199/2015/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാഭവൻ,
പൂജപ്പുര,തിരുവനന്തപുരം -12
തീയതി. 21/11/2015

# വിജ്ഞാപനം

വിഷയം:- പത്താംതരം തുല്യതാ പരീക്ഷ 2015 - സേവ് എ ഇയർ ("സേ") പരീക്ഷ -ഡിസംബർ 2015 - നടത്തിപ്പ് സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് (സാധാ )നമ്പർ 67/2014/പൊ.വി.,തീയതി.28/04/2014

2015 സെപ്റ്റംബറിലെ പത്താംതരം തുല്യതാ പരീക്ഷയിൽ റഗുലർ വിഭാഗത്തിൽ ആദ്യമായി പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ പരമാവധി 2 പേപ്പറുകൾക്ക് വരെ കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് വേണ്ടി സേവ് എ ഇയർ ("സേ") പരീക്ഷ നടത്തുന്നതാണ്. 2015 ഡിസംബർ മാസം 21 മുതൽ 29 വരെയുള്ള തീയതികളിൽ സംസ്ഥാനത്തെ 14 റവന്യൂ ജില്ലകളിലും, ലക്ഷദ്വീപിലുമായി തെരഞ്ഞെടുക്കപ്പെട്ട 22 പരീക്ഷാ കേന്ദ്രങ്ങളിലാണ് പരീക്ഷ നടത്തുന്നത്. പരീക്ഷാ കേന്ദ്രങ്ങളുടെ പേരും, മാതൃകാ അപേക്ഷാ ഫോറവും, ടൈംടേബിളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1. "സേ" പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പത്താംതരം തുല്യതാ പരീക്ഷ ആദ്യമായി 2015 സെപ്റ്റംബർ മാസത്തിൽ എഴുതി ഏതെങ്കിലും രണ്ടു വിഷയങ്ങൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡെങ്കിലും ലഭിക്കാത്തതുമൂലം ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ "സേ" പരീക്ഷ എഴുതുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.
2. 2015 സെപ്റ്റംബറിലെ പത്താംതരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്, മാതാവ്, സഹോദരങ്ങൾ എന്നിവരിലാരുടെയെങ്കിലും മരണം എന്നീ കാരണങ്ങളാൽ പരീക്ഷയെഴുതാനോ, പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ അവർക്ക് എഴുതാൻ കഴിയാതിരുന്ന എല്ലാവിഷയങ്ങൾക്കും പരീക്ഷയെഴുതാവുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. 2015 സെപ്റ്റംബർ മാസം നടത്തിയ പത്താംതരം തുല്യതാ പരീക്ഷാ റിസൽട്ടിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ടിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

എന്നാൽ പിന്നീട് ഇവർ ഒറിജിനൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പരീക്ഷാകേന്ദ്രത്തിൽ ഏൽപ്പിച്ചിരിക്കണം.

4. വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ മാത്രമായിരിക്കും "സേ" പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നത്.
5. "സേ" പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.
6. "സേ" പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്.
7. പുനർമൂല്യനിർണ്ണയത്തിനും അതോടൊപ്പം "സേ" പരീക്ഷയ്ക്കും അപേക്ഷിച്ചവരിലാരെങ്കിലും പ്രസ്തുത വിഷയത്തിന് പുനർമൂല്യനിർണ്ണയ ത്തിലൂടെ ഡി+ ഗ്രേഡോ അതിനു മുകളിലോ നേടിയതായി കണ്ടാൽ "സേ" പരീക്ഷാഫലം പരിഗണിക്കുന്നതല്ല.

## II. പത്താംതരം തുല്യതാ "സേ"പരീക്ഷ ഡിസംബർ - 2015 - സമയവിവരപ്പട്ടിക

### ന്യൂ സ്കീം

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 21/12/2015 | തിങ്കൾ | രാവിലെ 9.45 മുതൽ 12.30 വരെ | മലയാളം/തമിഴ്/കന്നട |
| | | ഉച്ചയ്ക്ക് 1.45 മുതൽ 4.30 വരെ | ഇംഗ്ലീഷ് |
| 22/12/2015 | ചൊവ്വ | രാവിലെ 9.45 മുതൽ 11.30 വരെ | ഫിസിക്സ് |
| | | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | കെമിസ്ട്രി |
| 23/12/2015 | ബുധൻ | രാവിലെ 9.45 മുതൽ 12.30 വരെ | മാത്തമാറ്റിക്സ് |
| | | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ബയോളജി |
| 28/12/2015 | തിങ്കൾ | രാവിലെ 9.45 മുതൽ 12.00 വരെ | ഹിന്ദി |
| | | ഉച്ചയ്ക്ക് 1.45 മുതൽ 4.30 വരെ | സോഷ്യൽ സയൻസ് |
| 29/12/2015 | ചൊവ്വ | രാവിലെ 9.45 മുതൽ 11.30 വരെ | ഇൻഫർമേഷൻ ടെക്നോളജി |

## III. പരീക്ഷാഫീസ്

1. ഒരു വിഷയം -100/-രൂപ
2. ഫീസ് പരീക്ഷാ കേന്ദ്രങ്ങളിൽ ഒടുക്കേണ്ട തീയതി 26/11/2015 മുതൽ 28/11/2015 വരെ.

യാതൊരു കാരണവശാലും പരീക്ഷാഫീസ് പണമായോ ചെക്കായോ മറ്റു വിധത്തിലോ പരീക്ഷാർത്ഥികൾ പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല.

ഫീസ് സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിയായ 28/11/2015 -ന് ശേഷം അപേക്ഷയോ ഫീസോ ചീഫ് സൂപ്രണ്ടുമാർ യാതൊരു കാരണ വശാലും സ്വീകരിക്കാൻ പാടില്ല. പരീക്ഷാ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും പരീക്ഷാ നടത്തിപ്പിന് ആവശ്യമായ തുക നീക്കി വച്ച ശേഷം അവശേഷിക്കുന്ന തുക പരീക്ഷയുടെ അവസാന ദിവസം സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി തിരുവനന്തപുരത്ത് മാറത്തക്കവിധത്തിൽ എടുത്ത് പരീക്ഷാഭവനിലേക്ക് അയയ്ക്കേണ്ടതാണ്.

## IV. ഹാൾ ടിക്കറ്റ് വിതരണം

“സേ” പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ 18/12/2015 ന് മുമ്പായി പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും **blank hall ticket** download ചെയ്തെടുത്ത് പരീക്ഷാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയാണ് വിതരണം ചെയ്യേണ്ടത്. **2015 സെപ്റ്റംബർ പരീക്ഷയ്ക്ക് അനുവദിച്ച രജിസ്റ്റർ നമ്പർ തന്നെയാണ് “സേ” പരീക്ഷയുടേയും രജിസ്റ്റർ നമ്പർ.**

## V. സർട്ടിഫിക്കറ്റ്

“സേ” പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2015 സെപ്റ്റംബറിലെ സർട്ടിഫിക്കറ്റിനു പകരം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ചീഫ് സൂപ്രണ്ടുമാർ “സേ” പരീക്ഷ എഴുതിയവർക്ക് പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപായി അവരുടെ കൈവശമുള്ള 2015 സെപ്റ്റംബർ സർട്ടിഫിക്കറ്റ് തിരികെ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അവ പരീക്ഷാഭവനിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. “സേ” പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ, ഇവരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സീരിയൽ നമ്പർ, പരീക്ഷാർത്ഥികൾക്ക് പുതുതായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സീരിയൽ നമ്പർ എന്നീ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ചീഫ് സൂപ്രണ്ടുമാർ അതാതു സെന്ററുകളിൽ സൂക്ഷിക്കേണ്ടതാണ്.

## VI. അപേക്ഷകളുടെ രജിസ്ട്രേഷൻ

അനുബന്ധം "എ" ആയി ചേത്തിരിക്കുന്ന അപേക്ഷാ ഫോറമാണ് "സേ" പരീക്ഷയുടെ രജിസ്ട്രേഷനായി "സേ" പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ടത്.

ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടുമാർ അപേക്ഷാഫാറം സ്വീകരിച്ച് 30/11/2015 വൈകുന്നേരം 4 മണിക്ക് മുമ്പായി അപേക്ഷകളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഫോർമാറ്റിൽ (Appendix-A, B, C )തയ്യാറാക്കി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

**"സേ" പരീക്ഷ എഴുതുവാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ.** മാത്രമല്ല അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് "സേ" പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് ഉറപ്പാക്കേണ്ടതാണ്.

പരീക്ഷയുടെ സുമഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
**സെക്രട്ടറി**

## അനുബന്ധം - എ
## പത്താംതരം തുല്യതാ സേ പരീക്ഷ - ഡിസംബർ 2015
### അപേക്ഷാഫാറം

---

"സേ" പരീക്ഷാർത്ഥി ഉൾപ്പെടുന്ന വിഭാഗം (✔) ചെയ്യുക:

I (i) ന്യൂ സ്കീം - മലയാളം മാധ്യമം ☐

(ii) ന്യൂ സ്കീം - തമിഴ് മാധ്യമം ☐

(iii) ന്യൂ സ്കീം - കന്നട മാധ്യമം ☐

1. "സേ" പരീക്ഷാ കേന്ദ്രത്തിന്റെ നമ്പരും പേരും :..........................................
..........................................
2. 2015 സെപ്റ്റംബറിൽ പരീക്ഷ എഴുതിയ സെന്ററിന്റെ നമ്പരും പേരും :..........................................
..........................................
3. പരീക്ഷാർത്ഥിയുടെ പേര് :..........................................
4. പരീക്ഷ എഴുതുന്ന മാധ്യമം : ..........................................

5. 2015 സെപ്റ്റംബറിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ ☐
6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ *** (ഡി+ ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പറുകൾ )

| ക്രമ നമ്പർ | പരീക്ഷയെഴുതുന്ന വിഷയത്തിന്റെ പേര് | ലഭിച്ച ഗ്രേഡ് (9/2015-ൽ ) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |

*** 2015 സെപ്റ്റംബറിലെ പത്താംതരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/ മാതാവ്/ സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷയെഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവർക്ക് മാത്രമേ രണ്ടിൽ കൂടുതൽ പേപ്പർ പരീക്ഷയെഴുതുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളു. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. രക്ഷകർത്താവിന്റെ പേര് : ............................................................

8. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും : ..........................................................

............................................................

............................................................

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി: **പരീക്ഷാർത്ഥിയുടെ ഒപ്പ്**

---

## പരീക്ഷാ കേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :....................................................
2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ് : ..................................................
3. അനുവദിച്ച രജിസ്റ്റർ നമ്പർ :

ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

## APPENDIX - B

**QUESTION PAPER STATEMENT OF CANDIDATES APPEARING FOR THE STANDARD X EQUIVALENCY SAY EXAMINATION- DECEMBER 2015**

Centre Code: ………………... Name of Educational District ………………………………..

Name of Centre …………………... Phone No. of school (with STD Code)………………………

### New Scheme

| Category | Boys | Girls | Total | Indicate the required number of questions in the columns separately | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Malayalam | Tamil | Kannada | English | Hindi | Social Science | Physics | Chemistry | Biology | Mathematics | Information Technology |
| New Scheme (Regular Malayalam Medium) | | | | | | | | | | | | | | |
| New Scheme (Regular Tamil Medium) | | | | | | | | | | | | | | |
| New Scheme (Regular Kannada Medium) | | | | | | | | | | | | | | |

*NB: No Coloum should be left blank*

Place:……………………………..

Signature of Chief Superintendent

Name ......................................................................

Date : ……………………... School Seal Designation............................................................

Mobile No..............................................................

NB:- Statement should be e-mailed in the mail ID cgeasection@gmail.com on or before 30.11.2015

## APPENDIX - C

### STATEMENT OF CANDIDATES APPEARING FOR THE STANDARD X EQUIVALENCY SAY EXAMINATION- DECEMBER 2015

**New Scheme - Regular, Malayalam/ Tamil Medium**

Centre No: ……………...

Name of Educational District ……………………………..

Name of Revenue District …………………………………….

Name of Centre ………………...

Phone No. of school (with STD Code)………………………

Medium of Instruction……………………Number of Candidates: Boys…………………………Girls……………………… Total…………………………………………………….

| Sl. No | Reg. No. (allotted in the exam conducted during September 2015) | Centre Code (Examination Centre appeared for the examination September 2015) | Name of Candidate | Name of subjects for which the candidates appear : put 'x' mark against the subject | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | First Language | | | II Lang | III Lang | Subjects | | | | | |
| | | | | Mal | Tamil | Kannada | Eng. | Hindi | SS | Phy | Che. | Bio | Maths | IT |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |

Place:

Date:

Name & Signature of Chief Supdt

## പത്താംതരം തുല്യതാ സേ പരീക്ഷാ കേന്ദ്രങ്ങൾ - ഡിസംബർ 2015

| നംപർ | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | 11002 | ഗവൺമെന്റ് എച്ച്.എസ്.എസ്. കാസർഗോഡ്,<br>കാസർഗോഡ് പി.ഒ., പിൻ- 671121 |
| 2 | 13005 | ഗവൺമെന്റ് വി.എച്ച്.എസ്. കണ്ണൂർ<br>സിവിൽ സ്റ്റേഷൻ പി.ഒ, പിൻ- 670002 |
| 3 | 15053 | ഗവൺമെന്റ് സർവ്വജന എച്ച്.എസ്.എസ്. സുൽത്താൻബത്തേരി<br>സുൽത്താൻ ബത്തേരി പി.ഒ., പിൻ- 673592 |
| 4 | 47060 | കുന്നമംഗലം എച്ച്.എസ്.എസ്.<br>കുന്നമംഗലം, പിൻ- 673571 |
| 5 | 17010 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. നടക്കാവ്,<br>കോഴിക്കോട് , പിൻ- 673011 |
| 6 | 18013 | ഗവൺമെന്റ് എച്ച്.എസ്.എസ്. ഫോർ ബോയ്സ് മലപ്പുറം<br>മലപ്പുറം, ഡൗൺഹിൽ പി.ഒ., പിൻ- 676619 |
| 7 | 19016 | ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തിരൂർ<br>തെക്കേമുറി പി.ഒ., പിൻ- 676105 |
| 8 | 20035 | ഗവൺമെന്റ് എച്ച്.എസ്.എസ്. ഒറ്റപ്പാലം,<br>ഒറ്റപ്പാലം, പിൻ- 679101 |
| 9 | 21055 | പി.എം.ജി. എച്ച്.എസ്.എസ്. പാലക്കാട്,<br>കോളേജ് പി.ഒ., പിൻ- 678001 |
| 10 | 22055 | ഗവൺമെന്റ് വി.എച്ച്.എസ്. ഫോർ ഗേൾസ് തൃശ്ശൂർ,<br>തൃശ്ശൂർ സിറ്റി. പി.ഒ., പിൻ- 680020 |
| 11 | 23010 | ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. ചാലക്കുടി<br>ചാലക്കുടി പി.ഒ., പിൻ- 680307 |
| 12 | 25007 | ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. ആലുവ<br>ആലുവ പി.ഒ., പിൻ- 683101 |
| 13 | 26029 | എസ്.ആർ.വി. എച്ച്.എസ്.എസ്. എറണാകുളം<br>എം.ജി.റോഡ് പി.ഒ., പിൻ - 682011 |
| 14 | 29025 | ഗവൺമെന്റ് എച്ച്.എസ്.എസ്. തൊടുപുഴ<br>പിൻ- 685 584 |

| | | |
|---|---|---|
| 15 | 30066 | ഗവൺമെന്റ് ട്രൈബൽ എച്ച്. എസ്.എസ്. കട്ടപ്പന<br>കട്ടപ്പന പി.ഒ., പിൻ- 685508 |
| 16 | 33027 | ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്. കോട്ടയം<br>കോട്ടയം പി.ഒ., പിൻ-686001 |
| 17 | 35009 | മുഹമ്മദൻസ് എച്ച്.എസ്.എസ്. ആലപ്പുഴ<br>ആലപ്പുഴ പി.ഒ., പിൻ- 688001 |
| 18 | 38060 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ & വൊക്കേഷണൽ<br>ഹയർ സെക്കന്ററി സ്കൂൾ പത്തനംതിട്ട<br>പത്തനംതിട്ട പി.ഒ., പിൻ- 689645 |
| 19 | 41056 | ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച്.എസ്.എസ്. കൊല്ലം,<br>തേവള്ളി, പി.ഒ., പിൻ- 691009 |
| 20 | 43080 | ഗവൺമെന്റ് മോഡൽ എച്ച്.എസ്. ഫോർ ബോയ്സ്<br>ചാല, ചാല പി.ഒ., പിൻ -695036 |
| 21 | 26099 | ഗവൺമെന്റ് എച്ച്.എസ്.എസ്. കവറത്തി<br>കവറത്തി പി.ഒ<br>പിൻ- 682555<br>ലക്ഷദ്വീപ് |
| 22 | 18096 | പി.റ്റി.എം. എച്ച്.എസ്.എസ്. താഴേക്കോട്<br>താഴേക്കോട് വെസ്റ്റ് പി.ഒ., പിൻ -679352 |